"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗം ജീവനക്കാർക്കും, പെൻ ഷൻ കാർ ക്കും പ്രീ റിവൈസ്ഡ് സ്കെയിലിൽ തുടർ ക്ഷാമബത്തകൾ/ക്ഷാമാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.659/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:- സ.ഉ(കൈ) നം.184/2018/തസ്വഭവ തീയതി 12.12.2018

**<u>ഉത്തരവ്</u>**

തൃശ്ശൂർ കോർപറേഷൻ വൈദ്യുതി വിഭാഗം ജീവനക്കാർക്ക് 2013 വരെ K.S.E.B. - യിൽ നടപ്പിലാക്കിയതിന് സമാനമായ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും അനുവദിച്ചു നൽകിയിരുന്നുവെങ്കിലും, 2 0 2 1 മുതൽ K.S.E.B.- യിൽ നടപ്പാക്കിയ 2018 പ്രാബല്യത്തിലുള്ള ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവും ഇതേവരെ നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും ശമ്പള പരിഷ്കരണ നടപടികൾ വൈകുന്നത് പരിഗണിച്ചും താത്ക്കാലിക ആശ്വാസമായി 01.07.2020 മുതൽ ലഭിക്കേണ്ട 25% DA എങ്കിലും അടുത്ത മാസത്തെ പെൻഷൻ/ശമ്പളം മുതൽ അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

മേൽ നിവേദനങ്ങളിലെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2018 പ്രാബല്യത്തിലുള്ള ശമ്പള/ പെൻഷൻ പരിഷ്കരണം നടപ്പിലാകുന്നതുവരെ, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ജീവനക്കാർക്ക് 01.07.2013 തീയതിയിലെ base index അടിസ്ഥാനമാക്കി നിലവിലുള്ള ശമ്പള സ്കെയിലിൽ തുടർ ക്ഷാമബത്തകൾ അനുവദിക്കുന്നതിനും, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം പെൻഷൻകാർക്ക് 01.07.2013 തീയതിയിലെ base index അടിസ്ഥാനമാക്കി തുടർ ക്ഷാമാശ്വാസം അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തൃശ്ശൂർ

3.ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

4.സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ

5.അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം, തൃശ്ശൂർ

6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

7.ധനകാര്യ വകുപ്പ് (ഫയൽ നം. ഇ-3426852/ഡെവ-1/39/2026-ധന തീയതി.04.03.2026)

8.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

9.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

10.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 10-03-2026 12:44:36

സെക്ഷൻ ഓഫീസർ